**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :**
**2019 സെപ്റ്റംബർ ഒന്ന് ഞായർ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## തൃശൂരിൽ സപ്ലൈകോ ജില്ലാ ഓണം ഫെയർ തുടങ്ങി

# ഓണാഘോഷത്തിന് പ്ലാസ്റ്റിക് പരമാവധി ഒഴിവാക്കണം: മന്ത്രി എ.സി മൊയ്തീൻ

ഈ ഓണാഘോഷത്തിന് പ്ലാസ്റ്റിക് പരമാവധി ഒഴിവാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അഭ്യർഥിച്ചു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ തൃശൂർ ശക്തൻ നഗർ മൈതാനിയിലെ കൊക്കാല ഗ്രൗണ്ടിൽ ആരംഭിച്ച ജില്ലാ ഓണം ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കടകളിൽ വരുമ്പോൾ തുണി സഞ്ചി കൊണ്ടുവരികയോ കടയിൽ തുണി സഞ്ചി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയോ വേണമെന്ന് മന്ത്രി നിർദേശിച്ചു. പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയാതെ ശേഖരിച്ച് സംസ്കരിക്കാൻ സംവിധാനം വേണം. കേരളത്തിന്റെ ഏറ്റവും വലിയ സാമൂഹിക പ്രശ്നമായി പ്ലാസ്റ്റിക് മാലിന്യം മാറുകയാണ്. ഡിസ്പോസിബിൾ ഗ്ലാസ് ഒഴിവാക്കി സ്റ്റീൽ ഗ്ലാസ് ഉപയോഗിക്കണം. പി.വി.സി. ഫ്ളക്സ് സർക്കാർ നിരോധിച്ചതാണ്. ഹരിതചട്ടം പാലിച്ച് ഓണാഘോഷം നടത്തണമെന്നും മന്ത്രി പറഞ്ഞു.

ഓണത്തിനു മുമ്പായി സംസ്ഥാനത്ത് ഏകദേശം 51 ലക്ഷം പേർക്കുള്ള ക്ഷേമ പെൻഷനായി ഏഴായിരം കോടിയോളം രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കോ, നേരിട്ടോ വിതരണം ചെയ്യാൻ നടപടി തുടങ്ങിയതായി മന്ത്രി പറഞ്ഞു. ബോണസ് തർക്കങ്ങൾ പരിഹരിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ശമ്പളത്തിന് പ്രശ്നമില്ല.

ഓണക്കാലത്ത് ജനങ്ങൾക്ക് വിലക്കയറ്റത്തിന്റെ പൊള്ളലേൽക്കാതെ രക്ഷപ്പെടാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കണം എന്നതുകൊണ്ടാണ് സിവിൽ സപ്ലൈസ് കോർപറേഷൻ ഓണച്ചന്തകൾ ആരംഭിച്ചത്. എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ജില്ലാ കേന്ദ്രങ്ങളിലും ഓണം ഫെയറുകൾ തുടങ്ങുകയാണ്. ഇതിനുപുറമെ കൺസ്യൂമർഫെഡ് 3500 ഓണച്ചന്തകൾ ആരംഭിക്കുന്നുണ്ട്. എല്ലാ സഹകരണ ബാങ്കുകളും ഓണച്ചന്തകൾ ആരംഭിക്കുകയാണ്. ഇവിടെ ഹോർട്ടികോർപ്പിന്റെ പച്ചക്കറി ചന്തയുമുണ്ട്.

ഇത്തവണ ഓണാഘോഷം സർക്കാർ ഔദ്യോഗികതലത്തിൽതന്നെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മൂടിക്കെട്ടി നിൽക്കുന്ന അന്തരീക്ഷമുണ്ടാകരുതെന്നും ആളുകൾക്ക് വിനോദത്തിനുള്ള സാഹചര്യമുണ്ടാവണമെന്നുമാണ് സർക്കാറിന്റെ കാഴ്ചപ്പാട്. ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്താൻ അഞ്ചു ദിവസത്തെ ഓണാഘോഷം തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കും. ജില്ലയിലെ അഞ്ച് ടൂറിസം ഡെസ്റ്റിനേഷനുകളിലും ഓണാഘോഷമുണ്ടാവും.

ഓണം കഴിഞ്ഞ വർഷത്തെ പോലെ തന്നെ സന്തോഷകരമായ അവസ്ഥയിലല്ല നാം ആഘോഷിക്കുന്നത്. മഴക്കെടുതികളിൽനിന്ന് ജനങ്ങൾ മോചനം നേടി വരുന്ന ഘട്ടമാണിത്. ആരവങ്ങളില്ലാത്ത, ജനങ്ങൾക്ക് ഒത്തുകൂടാൻ കഴിയുന്ന, ദുരിതാശ്വാസ

ക്യാമ്പുകളിൽ നാം പ്രകടിപ്പിച്ച മനുഷ്യ സ്നേഹം പോലെ മനസ്സിൽ തങ്ങിനിൽക്കുന്ന ഒന്നായി ഈ ഓണാഘോഷവും മാറട്ടെയെന്ന് മന്ത്രി പ്രത്യാശിച്ചു.

തൃശൂർ കോർപറേഷൻ മേയർ അജിത വിജയൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോസ് ആദ്യവിൽപന നിർവഹിച്ചു. ജില്ലാ കളക്ടർ എസ്. ഷാനവാസ് സപ്ലൈകോ സോവനീർ പ്രകാശനം ചെയ്തു.

ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം എം. വിജയൻ, ജില്ലാ സപ്ലൈ ഓഫീസർ എം.വി. ശിവകാമി അമ്മാൾ, കക്ഷിനേതാക്കളായ പി.കെ. ഷാജൻ (സി.പി.എം), എം.ജി. നാരായണൻ (സി.പി.ഐ), ടി.കെ. ഉണ്ണികൃഷ്ണൻ (എൻ.സി.പി) എന്നിവർ സംസാരിച്ചു. സപ്ലൈകോ ഡിപ്പോ മാനേജർ പി.ആർ. ജയചന്ദ്രൻ സ്വാഗതവും ജൂനിയർ മാനേജർ വി.യു. മധുസൂദനൻ നന്ദിയും പറഞ്ഞു.

സെപ്റ്റംബർ പത്ത് വരെയാണ് ഓണം ഫെയർ പ്രവർത്തിക്കുക. പൊതുവിപണിയേക്കാർ വിലക്കുറവിൽ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. വിവിധ സർക്കാർ ഏജൻസികളുടെ സ്റ്റാളുകളിൽ ഉൽപ്പന്ന പ്രദർശനവും വിൽപ്പനയും ഭക്ഷ്യമേളയും ഒരുക്കിയിട്ടുണ്ട്.

**(പടം അയച്ചു)**